# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2489 — 01/04/2013-ൽ മറുപടിയ്ക്ക്

## തിരൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.മമ്മൂട്ടി. | ശ്രീ.പി .ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ) തിരൂർ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ; | എ) തിരൂർ നിയോജക മണ്ഡലത്തിൽ ചുവടെ പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.<br><br>1) പി.എച്ച്. ഡിവിഷൻ ഇടപ്പാളിനു കീഴിൽ നഗര ശുദ്ധജലവിതരണ പദ്ധതി – തിരൂർ മുനിസിപ്പാലിറ്റിയുടെ മാർക്കറ്റ് ബസ്സ്റ്റാന്റ് മുതലായ സ്ഥലങ്ങളിൽ പഴയ പൈപ്പ് മാറ്റി പുതിയത് സ്ഥാപിക്കുന്ന പ്രവൃത്തി - 7.5 ലക്ഷം. പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.<br><br>2) നഗര ശുദ്ധജല വിതരണപദ്ധതി-ചെമ്പ്രപയ്യനങ്ങാടി മുതലായ സ്ഥലങ്ങളിൽ നിലവിലുള്ള പൈപ്പ്ലൈനുകൾ തമ്മിൽ കൂട്ടിയോജിപ്പിക്കുന്ന പ്രവൃത്തി -15 ലക്ഷം. പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.<br><br>3) പ്രോജക്ട് ഡിവിഷൻ മലപ്പുറത്തിനു കീഴിൽ നടപ്പിൽ വരുത്തുന്ന തിരുനാവായ സമഗ്രകുടിവെള്ള പദ്ധതിയിലെ തിരുനാവായ, ആനവനാട് എന്നീ പഞ്ചായത്തുകൾ തിരൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ടതാണ്. പ്രസ്തുത പദ്ധതിയുടെ 12 എം.എൽ.ഡി ശുദ്ധീകരണശാല, 15.00 ലക്ഷം ലിറ്റർ ഭൂതലസംഭരണി, പമ്പിംഗ്സ്റ്റേഷൻ എന്നിവയുടെ പ്രവൃത്തി പൂർത്തീകരിച്ചു. റോവാട്ടർ പമ്പിംഗ് മെയിൻ, ക്ലീയർ വാട്ടർ പമ്പിംഗ് മെയിൻ, ഗ്രാവിറ്റിമെയിൻ, ഉപരിതല സംഭരണികൾ എന്നിവയുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു. മറ്റു പ്രവൃത്തികളായ പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമർ ഉൾപ്പെടെയുള്ള ഇലക്ട്രിക്കൽ പ്രവൃത്തികൾ വിതരണ ശൃംഖല |

| | | | |
|---|---|---|---|
| | | | എന്നിവയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| ബി) | തിരൂർ നിയോജകമണ്ഡലത്തിലെ "വളവന്നൂർ-കല്പകഞ്ചേരി'' വെട്ടം-തലക്കാട്'' എന്നീ പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതികൾക്കായി തയ്യാറാക്കിയിട്ടുള്ള ഡി.പി.ആർ. പ്രകാരം മുൻഗണനാക്രമത്തിൽ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; | ബി) | വളവന്നൂർ- കല്പകഞ്ചേരി പഞ്ചായത്തുകളിലെ ശുദ്ധജലവിതരണത്തിനായി 22.20 കോടി രൂപയുടെ വിശദ എൻജിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതായി കോഴിക്കോട് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിന് അനുമതി നൽകേണ്ടതുണ്ട്.<br><br>വെട്ടം-തലക്കാട് പദ്ധതിയുടെ വിശദമായ എൻജിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് വാസ്കോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| സി) | തിരൂർ നിയോജകമണ്ഡലത്തിൽ നടന്നു വരുന്നതും പുതുതായി നടപ്പിലാക്കാൻ പോകുന്നതുമായ കുടിവെള്ള പദ്ധതികൾ സമയബന്ധിതവും അടിയന്തിരവുമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ? | സി) | **കേരള വാട്ടർ അതോറിറ്റി:-** തിരൂർ നിയോജകമണ്ഡലത്തിൽ നടന്നു വരുന്നതും പുതുതായി നടപ്പിലാക്കാൻ പോകുന്നതുമായ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**